"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ലൈഫ് പദ്ധതി പ്രകാരമുള്ള വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് സർക്കാർ ഗ്യാരണ്ടിയോടെ ഹഡ്കോയിൽ നിന്നും കെ.യു.ആർ . ഡി.എഫ്.സി മുഖേന 1500 കോടി രൂപയുടെ വായ്പയെടുക്കുന്നതിന്, വ്യവസ്ഥകളോടെ തത്വത്തിൽ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡിഇ )വകുപ്പ്**

സ.ഉ.(കൈ) നം.155/2025/LSGD തീയതി,തിരുവനന്തപുരം, 21-08-2025

---

പരാമർശം:- 1. സ.ഉ(സാധാ) നം.2806/2022/തസ്വഭവ തീയതി 15/11/2022

2. ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 23/06/2025 ലെ ലൈഫ് 2020/എൽ.എം6/പ്രോജക്ട് നമ്പർ കത്ത്.

**ഉത്തരവ്**

2024-25 സാമ്പത്തിക വർഷത്തിലെ ബജറ്റ് പ്രഖ്യാപനത്തിൽ ലൈഫ് ഭവനപദ്ധതി പ്രകാരം ഒരു ലക്ഷം വീടുകളുടെ നിർമ്മാണ പൂർത്തീകരണം ലക്ഷ്യമിട്ടിരുന്നു. എന്നാൽ ആവശ്യത്തിന് വായ്പാ വിഹിതം ലഭ്യമല്ലാതിരുന്നതിനാൽ ഈ ലക്ഷ്യം കൈവരിക്കുവാൻ സാധിച്ചില്ല. കരാറിലേർപ്പെട്ട് നിർമ്മാണം ആരംഭിച്ച വീടുകളിൽ, ഭവനനിർമ്മാണം പൂർത്തീകരിക്കുവാൻ കഴിയാതിരുന്ന 95,922 വീടുകളും, 2025-26 വർഷത്തിൽ കരാറിലേർപ്പെട്ട 31,679 വീടുകളും ഉൾപ്പെടെ 1,27,601 വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുകയാണ്. ടി വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് വായ്പ വിഹിതം കണ്ടത്തേണ്ടതുണ്ട്.

2. പരാമർ ശം 1 ഉത്തരവ് പ്രകാരം പട്ടികജാതി, പട്ടികവർഗ്ഗ, ഫിഷറീസ് വിഭാഗത്തിൽപ്പെട്ടവർക്ക് മുൻഗണന നൽകി ഭവനനിർമ്മാണ ധനസഹായം അനുവദിക്കുന്നതിന് സർക്കാർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിരുന്നു.

ഈ സാഹചര്യത്തിൽ നിലവിൽ നിർമ്മാണ പുരോഗതിയിലുള്ള 1,27,601 വീടുകൾക്ക് വായ്പ വിഹിതം ലഭ്യമാക്കുന്നതിന് 1100 കോടി രൂപയും ലൈഫ് ലിസ്റ്റിൽ പട്ടികജാതി, പട്ടിക വർഗ്ഗ ഗുണഭോക്താക്കൾ കൂടുതലായി ഉൾപ്പെട്ടിട്ടുള്ള ഗ്രാമപഞ്ചായത്തുകളിലെ ടി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണ ധനസഹായം അവദിക്കുന്നതിന് 400 കോടി രൂപയും ഉൾപ്പെടെ ആകെ 1500 കോടി രൂപ, 2025-26-ൽ 750 കോടി രൂപയും 2026-27ൽ 750 കോടി രൂപയും എന്ന രീതിയിൽ സർക്കാർ ഗ്യാരണ്ടിയോടെ ഹഡ്കോയിൽ നിന്നും കെ.യു.ആർ.ഡി.എഫ്.സി മുഖേന വായ്പയെടുക്കുന്നതിന് പരാമർശം 2 പ്രകാരം ലൈഫ് മിഷൻ പ്രൊപ്പോസൽ ലഭ്യമാക്കുകയുണ്ടായി.

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ച് ലൈഫ് പദ്ധതി പ്രകാരം, നിലവിൽ നിർമ്മാണ പുരോഗതിയിലുള്ള 1,27,601 വീടുകൾക്ക് വായ്പ വിഹിതം ലഭ്യമാക്കുന്നതിനു 1100 കോടി രൂപയും, ലൈഫ് ലിസ്റ്റിൽ പട്ടികജാതി, പട്ടിക വർഗ്ഗ ഗുണഭോക്താക്കൾ കൂടുതലായി ഉൾപ്പെട്ടിട്ടുള്ള ഗ്രാമപഞ്ചായത്തുകളിലെ ടി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണ ധനസഹായം അവദിക്കുന്നതിന് 400 കോടി രൂപയും ഉൾപ്പെടെ ആകെ 1500 കോടി രൂപ , 2025-26 ൽ 750 കോടി രൂപയും 2026-27ൽ 750 കോടി രൂപയും എന്ന രീതിയിൽ സർക്കാർ ഗ്യാരണ്ടിയോടെ ഹഡ്കോയിൽ നിന്നും കെ.യു.ആർ . ഡി.എഫ്.സി മുഖേന വായ്പയെടുക്കുന്നതിന് താഴെ പറയുന്ന വ്യവസ്ഥകളോടെ തത്വത്തിൽ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

i. വായ്പയുടെ മുതൽ തിരിച്ചടവ് 15 വർഷം കൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികസന ഫണ്ടിൽ നിന്നും ഉറവിടത്തിൽ വച്ച് കുറവ് ചെയ്തു കെ.യു.ആർ.ഡി.എഫ്.സി മുഖേന ഹഡ്കോയ്ക്ക് നൽകേണ്ടതാണ്.

ii. വായ്പയുടെ പലിശ സർക്കാർ ഓരോ വർഷവും ബജറ്റ് വിഹിതത്തിൽ നിന്നും ഒടുക്കുന്നതാണ്

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ അദീല അബ്ദുള്ള ഐ എ എസ്

സ്പെഷ്യൽ സെക്രട്ടറി

കോ -ഓർഡിനേറ്റർ, നവകേരളം കർമ്മപദ്ധതി,ബി.എസ്.എൻ.എൽ ഭവൻ, ഉപ്പളം റോഡ്, സ്റ്റാച്യു, തിരുവനന്തപുരം

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം

റീജിയണൽ ചീഫ്, ഹഡ്കോ, സാഫല്യം കോംപ്ലക്സ്, തിരുവനന്തപുരം

മാനേജിംഗ് ഡയറക്ടർ, കെ.യു.ആർ.ഡി.എഫ്.സി, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

ധനകാര്യ( PU -B )വകുപ്പ്(No.2687588/PU-B3/5/2024-FIN ) പ്രകാരം

സ്റ്റേറ്റ് പെർഫോമൻസ്ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ& ഇ)/ഓഡിറ്റ്), തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ , ഐ&പി.ആർ.ഡി,

തിരുവനന്തപുരം

പൊതുഭരണ(എസ്.സി) വകുപ്പ്.

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Jayakrishnan. K
Date: 21-08-2025 17:41:15
സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 20-08-2025

ഫയൽ നം. ഡിഇ3/448/2023/തസ്വഭവ. ഇനം നം: 3200

വിഷയം : തദ്ദേശസ്വയംഭരണ വകുപ്പ് - ലൈഫ് ഭവന പദ്ധതി പ്രകാരമുള്ള വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് സർക്കാർ ഗ്യാരണ്ടിയോടെ ഹഡ്കോയിൽ നിന്നും KURDFC മുഖേന 1500 കോടി രൂപയുടെ വായ്പയെടുക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശങ്ങൾ അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

സ്പെഷ്യൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്.

Urgent Govt order has to be issued at earliest

ാർ

**(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)**

**മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1. | ഫയൽ നമ്പർ | : | ഡിഇ 3/448/2023-തസ്വഭവ |
| 2. | വകുപ്പ് | : | തദ്ദേശ സ്വയംഭരണ (ഡിഇ) വകുപ്പ് |
| 3. | വിഷയം | : | ലൈഫ് ഭവന പദ്ധതി പ്രകാരമുള്ള വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് സർക്കാർ ഗ്യാരണ്ടിയോടെ ഹഡ്കോയിൽ നിന്നും KURDFC മുഖേന 1500 കോടി രൂപയുടെ വായ്പയെടുക്കുന്നത് സംബന്ധിച്ച്. |
| 4. | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 08/2025 |
| 5. | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | : | ഉണ്ട് |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾ ക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട് |
| 6. | മറ്റേതെങ്കിലും വകുപ്പുകളുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾ ക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 7. | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീമതി. ലീന എൻ.പി |
| 8. | കുറിപ്പ് അംഗീകരിച്ച സ്പെഷ്യൽ സെക്രട്ടറിയുടെ പേര് | : | ഡോ. അദീല അബ്ദുള്ള ~~ഐ.എ.എസ്~~ |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സ്പെഷ്യൽ സെക്രട്ടറി അംഗീകരിച്ച തീയതി | : | /08/2025 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. എ. ജയതിലക് ~~ഐ.എ.എസ്~~ |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. എം. ബി. രാജേഷ് |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | /08/2025 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 08/2025 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | : | |

മന്ത്രിസഭായോഗത്തിനുള്ള കരട് കുറിപ്പ്

ലൈഫ് പദ്ധതി പ്രകാരം, നിലവിൽ നിർമ്മാണ പുരോഗതിയിലുള്ള വീടുകൾക്ക് വായ്പ വിഹിതം ലഭ്യമാക്കുന്നതിനു 1100 കോടി രൂപയും, ലൈഫ് ലിസ്റ്റിൽ പട്ടികജാതി, പട്ടിക വർഗ്ഗ ഗുണഭോക്താക്കൾ കൂടുതലായി ഉൾപ്പെട്ടിട്ടുള്ള ഗ്രാമപഞ്ചായത്തുകളിലെ ടി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണ ധനസഹായം അവദിക്കുന്നതിന് 400 കോടി രൂപയും ഉൾപ്പെടെ ആകെ 1500 കോടി രൂപ, 2025-26 ൽ 750 കോടി രൂപയും 2026-27 ൽ 750 കോടി രൂപയും എന്ന രീതിയിൽ സർക്കാർ ഗ്യാരണ്ടിയോടെ ഹഡ്കോയിൽ നിന്നും KURDFC മുഖേന വായ്പയെടുക്കുന്നതിന് തത്വത്തിൽ അനുമതി നൽകുന്നതു സംബന്ധിച്ചാണ് ഈ കുറിപ്പ്.

2. 2024-25 സാമ്പത്തിക വർഷത്തിലെ ബജറ്റ് പ്രഖ്യാപനത്തിൽ ലൈഫ് ഭവനപദ്ധതി പ്രകാരം ഒരു ലക്ഷം വീടുകളുടെ നിർമ്മാണ പൂർത്തീകരണം ലക്ഷ്യമിട്ടിരുന്നു. എന്നാൽ ആവശ്യത്തിന് വായ്പാ വിഹിതം ലഭ്യമല്ലാതിരുന്നതിനാൽ ഈ ലക്ഷ്യം കൈവരിക്കുവാൻ സാധിച്ചില്ല. കരാറിലേർപ്പെട്ട് നിർമാണമാരംഭിച്ചതിൽ ഭവനനിർമ്മാണം പൂർത്തീകരിക്കുവാൻ കഴിയാതിരുന്ന 95,922 വീടുകളും, 2025-26 വർഷത്തിൽ കരാറിലേർപ്പെട്ട 31,679 വീടുകളും ഉൾപ്പെടെ 1,27,601 വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുകയാണ്. ടി വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് വായ്പ വിഹിതം കണ്ടെത്തേണ്ടതുണ്ട്.

3. ഗ്രാമപഞ്ചായത്തുകളിലെ ലൈഫ് ഭവനപദ്ധതി നിർവ്വഹണത്തിന് വായ്പ വിഹിതം ലഭ്യമാക്കുന്നതിന് സർക്കാർ ഗ്യാരണ്ടിയോടെ KURDFC മുഖേന

ഹഡ്കോയിൽ നിന്നും 2018-ൽ സ്കീം നമ്പർ 21263 പ്രകാരം 2420 കോടി രൂപയും 2022-ൽ സ്കീം നമ്പർ 21463 പ്രകാരം 1350 കോടി രൂപയും വായ്പ എടുത്തിട്ടുണ്ട്. ഇനി 98.34 കോടി രൂപ മാത്രമേ വായ്പയിനത്തിൽ ഹഡ്കോയിൽ നിന്നും ലഭിക്കുവാൻ അവശേഷിക്കുന്നുള്ളൂ. നിലവിലുള്ള ഹഡ്കോ വായ്പയുടെ മുതൽ തിരിച്ചടവ് 15 വർഷം കൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികസന ഫണ്ടിൽ നിന്നും ഉറവിടത്തിൽ വച്ച് കുറവ് ചെയ്ത് KURDFC മുഖേന ഹഡ്കോയ്ക്ക് നൽകുകയും വായ്പയുടെ പലിശ സർക്കാർ ഓരോ വർഷവും ബജറ്റ് വിഹിതത്തിൽ നിന്നും ഒടുക്കുകയുമാണ് ചെയ്യുന്നത്.

4. ടി സാഹചര്യത്തിൽ നിലവിൽ നിർമ്മാണ പുരോഗതിയിലുള്ള 1,27,601 വീടുകൾക്ക് വായ്പ വിഹിതം ലഭ്യമാക്കുന്നതിന് 1100 കോടി രൂപ ആവശ്യമാണ്. 15.11.2022 സ.ഉ.(സാധാ) 2806/2022/എൽ.എസ്.ജി.ഡി. നമ്പർ ഉത്തരവ് പ്രകാരം പട്ടികജാതി, പട്ടികവർഗ്ഗ, ഫിഷറീസ് വിഭാഗത്തിൽപ്പെട്ടവർക്ക് മുൻഗണന നൽകി ഭവനനിർമ്മാണ ധനസഹായം അനുവദിക്കുന്നതിനും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് ലഭ്യത അനുസരിച്ച് പൊതുവിഭാഗത്തിൽപ്പെട്ടവർക്ക് ഭവനനിർമ്മാണ ധനസഹായം അനുവദിക്കുന്നതിനും സർക്കാർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിരുന്നു . അതിനാൽ ലൈഫ് ലിസ്റ്റിൽ പട്ടികജാതി, പട്ടിക വർഗ്ഗ ഗുണഭോക്താക്കൾ കൂടുതലായി ഉൾപ്പെട്ടിട്ടുള്ള ഗ്രാമപഞ്ചായത്തുകളിലെ ടി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണ ധനസഹായം അവദിക്കുന്നതിന് 400 കോടി രൂപ അധികമായി ആവശ്യമാണ്. ഇപ്രകാരം ആകെ 1500 കോടി രൂപ, 2025-26-ൽ 750 കോടി രൂപയും 2026-27 ൽ

750 കോടി രൂപയും എന്ന രീതിയിൽ സർക്കാർ ഗ്യാരണ്ടിയോടെ ഹഡ്കോയിൽ നിന്നും KURDFC മുഖേന വായ്പയെടുക്കുന്നതിന് അനുമതി നൽകുന്നതിനാണ് ലൈഫ് മിഷൻ പ്രൊപ്പോസൽ ലഭ്യമാക്കിയിരിക്കുന്നത്.

5. ഈ വിഷയത്തിൽ ധനകാര്യ വകുപ്പ് താഴെ പറയും പ്രകാരം അഭിപ്രായപ്പെട്ടു.

" Administrative Department is allowed to avail a loan of Rs 1500 cr in 2 installments as proposed.

'This has the approval of Hon'ble Minister (Finance)' "

6. ഇക്കാര്യം മന്ത്രിസഭയുടെ പരിഗണനക്കു സമർപ്പിക്കാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

## തീരുമാനിക്കേണ്ട വിഷയം

1.ലൈഫ് പദ്ധതി പ്രകാരം, നിലവിൽ നിർമ്മാണ പുരോഗതിയിലുള്ള 1,27,601 വീടുകൾക്ക് വായ്പ വിഹിതം ലഭ്യമാക്കുന്നതിനു 1100 കോടി രൂപയും, ലൈഫ് ലിസ്റ്റിൽ പട്ടികജാതി, പട്ടിക വർഗ്ഗ ഗുണഭോക്താക്കൾ കൂടുതലായി ഉൾപ്പെട്ടിട്ടുള്ള ഗ്രാമപഞ്ചായത്തുകളിലെ ടി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണ ധനസഹായം അവദിക്കുന്നതിന് 400 കോടി രൂപയും ഉൾപ്പെടെ ആകെ 1500 കോടി രൂപ ,2025-26 ൽ 750 കോടി രൂപയും 2026-27 ൽ 750 കോടി രൂപയും എന്ന രീതിയിൽ സർക്കാർ ഗ്യാരണ്ടിയോടെ ഹഡ്കോയിൽ നിന്നും KURDFC മുഖേന വായ്പയെടുക്കുന്നതിന് തത്വത്തിൽ അനുമതി നൽകാവുന്നതാണോ;

2. വായ്പയുടെ മുതൽ തിരിച്ചടവ് 15 വർഷം കൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികസന ഫണ്ടിൽ നിന്നും ഉറവിടത്തിൽ വച്ച് കുറവ് ചെയ്തു KURDFC മുഖേന ഹഡ്കോയ്ക്ക് നല്കാവുന്നതാണോ ;

3. വായ്പയുടെ പലിശ സർക്കാർ ഓരോ വർഷവും ബജറ്റ് വിഹിതത്തിൽ നിന്നും ഒടുക്കാവുന്നതാണോ ?

# GOVERNMENT OF KERALA
# (SHRI. PINARAYI VIJAYAN MINISTRY)
# NOTE FOR THE COUNCIL OF MINISTERS

| | | | |
|---|---|---|---|
| 1. | File Number | : | DE3/448/2023-LSGD |
| 2. | Department | : | Local Self Government (DE) Department |
| 3. | Subject | : | Availing loan of Rs. 1500 Crore from HUDCO through KURDFC with government guarantee for the completion of houses under the LIFE Housing scheme regarding. |
| 4. | Date of Chief Minister's Order for placing before the Council | : | /08/2025 |
| 5. | i) Does the case involve financial commitments/implications? | : | Yes |
| | ii) If the answer to the above is in the affirmative, whether Finance Department has been consulted and their remarks incorporated in the Council Note? | | Yes |
| 6. | Are any other Departments concerned with the case and if so, have they been consulted and their remarks incorporated in the Note for the Council? | : | No |
| 7. | Name of Additional Secretary who submitted the Draft Note. | : | Smt. Leena N.P |
| 8. | Name of Special Secretary who approved the Draft Note | : | Dr. Adeela Abdulla ~~IAS~~ |
| 9. | Date of approval of the Draft Note for the Council by the Special Secretary | : | /08/2025 |
| 10. | Name of Chief Secretary who approved the Draft Note | : | Dr. A Jayathilak ~~IAS~~ |
| 11. | Date of approval of the Draft Note for the Council by the Chief Secretary | : | /08/2025 |
| 12. | Name of Minister who approved the draft Note | : | Sri. M. B Rajesh |
| 13. | Date of approval of the Draft Note for the Council by the Minister | : | /08/2025 |
| 14. | Date of submission of fair copies | : | /08/2025 |
| 15. | Date of decision by the Council of Ministers | : | |
| 16. | Number & Date of GO/letter communicating the decision | : | |

# Draft Note for the Council of Ministers

This note deals with giving in-principle sanction to avail loan from HUDCO through KURDFC with government guarantee,for LIFE housing scheme in such a manner that ₹750 crore in 2025-26 and ₹750 crore in 2026-27 thus a total amount of ₹1,500 crore, including ₹1,100 crore to provide loan allocation for 1,27,601 houses currently under construction, and ₹400 crore for providing housing construction financial assistance to beneficiaries belonging to SC- ST category in Gram Panchayats where beneficiaries in such category are predominantly included in the LIFE list.

2.In the 2024–25 Budget announcement, it was targeted to complete the construction of one lakh houses under the LIFE Housing Scheme. However, due to the non-availability of sufficient loan share, this target could not be achieved. Out of the houses contracted and started ,a total of 1,27,601 houses including 95,922 houses that could not be completed and 31679 houses which are agremented in 2025-26, are under construction at various stages. For completing the construction of these houses, the required loan share has to be secured.

3. For implementing the LIFE Housing Scheme in Gram Panchayats, loans had been availed earlier from HUDCO through KURDFC with government guarantee—₹2420 crore in 2018 under Scheme No. 21263, and ₹1350 crore in 2022 under Scheme No. 21463. Only ₹98.34 crore remains

available from HUDCO under this loan head. The repayment of the existing HUDCO loan principal is being done over 15 years by deducting at source from the Development Grant of Local Self-Government Institutions through KURDFC, while the interest is being paid every year by the Government from budgetary provision.

4. In this situation, to provide the required loan share for 1,27,601 houses currently under construction, an amount of ₹1100 crore is necessary. As per G.O.(Rt) No. 2806/2022/LSGD dated 15.11.2022, the Government had instructed that priority should be given to Scheduled Castes, Scheduled Tribes, and Fisheries categories for sanctioning housing construction assistance, and for the General category, assistance should be given subject to the availability of funds with the Local Self-Government Institutions. Accordingly, an additional amount of ₹400 crore is required to provide housing construction financial assistance to the beneficiaries belonging to the Scheduled Castes and Scheduled Tribes in the panchayats where such beneficiaries are more in number in the LIFE list. Thus, LIFE Mission proposed a total loan amount of ₹1500 crore, to be availed from HUDCO through KURDFC with government guarantee ,in such a way that ₹750 crore in 2025–26 and ₹750 crore in 2026–27.

5.Finance Department opined as follows in the matter:

" Administrative Department is allowed to avail a loan of Rs 1500 cr in 2 installments as proposed.

'This has the approval of Hon'ble Minister (Finance)' "

6. Hon'ble Chief Minister has ordered to place the matter before the Council of Ministers.

**Points for Decision**

1. Whether in principle sanction may be granted to avail a loan of Rs.1500 crore from HUDCO, through KURDFC with Govt guarantee,including ₹1,100 crore for providing loan share to 1,27,601 houses currently under construction, and ₹400 crore as housing construction financial assistance to the beneficiaries belonging to the Scheduled Castes, Scheduled Tribes category in the panchayats where such beneficiaries are more in number in the LIFE list ,in such a way that ₹750 crore will be availed in 2025-26 and ₹750 crore in 2026-27;

2. Whether repayment may be done with principal covered over 15 years by deducting at source from the Development Grant of Local Self-Government Institutions through KURDFC ;

3. Whether interest be paid by Government every year by budgetary provision ?